# പതിമൂന്നാം കേരള നിയമസഭ
# ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2279 — 18.12.2012- ൽ മറുപടിക്ക്

## സംസ്ഥാന കാർഷിക വികസന ബാങ്കിലെ നിയമനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. എം.എ. ബേബി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാന കാർഷിക വികസന ബാങ്കിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടത് എപ്പോഴായിരുന്നു; പി.എസ്.സി.ക്ക് വിടാത്ത ഏതെങ്കിലും തസ്തികകൾ ഉണ്ടോ; വ്യക്തമാക്കാമോ; | എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ നിയമനങ്ങൾ 25.04.1995-ൽ ആണ് പി.എസ്.സി.ക്കു വിട്ടത്. നേരിട്ടുള്ള നിയമനം നടത്തേണ്ട എല്ലാ തസ്തികകളിലെയും നിയമനം പി.എസ്.സിക്കു വിട്ടിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ റിക്രൂട്ട്മെന്റ് റൂൾസിന് അംഗീകാരം ലഭിച്ചിട്ടില്ല. റിക്രൂട്ട്മെന്റ് റൂൾസിന് അംഗീകാരം ലഭിച്ച ശേഷമേ പി.എസ്.സിക്കു വിടാത്ത തസ്തികയെ സംബന്ധിച്ച വിവരങ്ങൾ അറിയുവാൻ കഴിയുകയുള്ളൂ. |
| ബി) | നിലവിലുള്ള ഭരണസമിതി അധികാരമേറ്റ ശേഷം ബാങ്കിൽ ഏതെല്ലാം തസ്തികകളിലേക്ക് നിയമനം നടത്താൻ അപേക്ഷ ക്ഷണിക്കുകയുണ്ടായി; ഏതെല്ലാം പത്രങ്ങളിൽ പരസ്യം നൽകുകയുണ്ടായി; പരസ്യങ്ങളുടെ ഓരോ പകർപ്പ് ലഭ്യമാക്കുമോ; | ബി) നിലവിലുള്ള ഭരണസമിതി അധികാരമേറ്റശേഷം അഗ്രിക്കൾച്ചറൽ ഓഫീസർ, തസ്തികയിലേയ്ക്കും അസിസ്റ്റന്റ് തസ്തികയിലേയ്ക്കും സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിലേയ്ക്കും കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ അപേക്ഷ ക്ഷണിക്കുകയുണ്ടായി. മലയാള മനോരമ, മാതൃഭൂമി, കേരള കൗമുദി, വീക്ഷണം, എന്നീ പത്രങ്ങളിൽ പരസ്യം നൽകിയിരുന്നു. പരസ്യങ്ങളുടെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. |
| സി) | ഏതെങ്കിലും തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് ലിസ്റ്റ് തയ്യാറാക്കുകയുണ്ടായോ; പരീക്ഷയും ഇന്റർവ്യൂവും നടത്തുകയുണ്ടായോ; പരീക്ഷയുടെ ഉത്തരക്കടലാസ് പരിശോധിച്ചത് ഏത് ഏജൻസിയാണ്; എത്രപേർ ഓരോ തസ്തികയിലേക്കും അപേക്ഷിക്കുകയുണ്ടായി; തയ്യാറാക്കപ്പെട്ട | സി) അഗ്രിക്കൾച്ചറൽ ഓഫീസർ തസ്തികയിലേയ്ക്കും അസിസ്റ്റന്റ് തസ്തികയിലേക്കും കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് ലിസ്റ്റ് തയ്യാറാക്കുകയുണ്ടായി. സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടാത്ത സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് പരീക്ഷയും ഇന്റർവ്യൂവും, അഗ്രിക്ക |

| | | |
|---|---|---|
| | റാങ്ക് ലിസ്റ്റുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | ൾച്ചറൽ ഓഫീസർ തസ്തികയിലും അസിസ്റ്റന്റ് തസ്തികയിലും കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് ഇന്റർവ്യൂവും നടത്തുകയുണ്ടായി. എറണാകുളത്തെ എസ്.സി.എം.എസ്. സ്കൂൾ ഓഫ് എൻജിനീയറിംഗ് ആന്റ് ടെക്നോളജിയിലെ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റിലെ ഹെഡ് ആണ് എഴുത്ത് പരീക്ഷയുടെ ഉത്തരക്കടലാസ് പരിശോധിച്ചത്. അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് 149 ഉദ്യോഗാർത്ഥികളും, അഗ്രിക്കൾച്ചറൽ ഓഫീസർ തസ്തികയിലേയ്ക്ക് 62 ഉദ്യോഗാർത്ഥികളും സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിലേയ്ക്ക് 181 ഉദ്യോഗാർത്ഥികളും അപേക്ഷിച്ചിരുന്നു. ബാങ്കിൽ നിന്നും ലഭിച്ച റാങ്ക് ലിസ്റ്റുകളുടെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു. |
| ഡി) | താല്ക്കാലിക നിയമനം എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്താതിരുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ; | ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടിക ലഭിക്കാനുള്ള കാലതാമസവും നിയമപ്രകാരം തുടർ നടപടികൾ സ്വീകരിച്ച് നിയമനം നടത്തുന്നതിനുവേണ്ടി വരുന്ന കാലദൈർഘ്യവും കണക്കിലെടുത്താണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താൽക്കാലിക നിയമനം നടത്താതിരുന്നത്. |
| ഇ) | നിയമനം പി.എസ്.സി.ക്ക് വിട്ട സഹകരണ അപ്പക്സ് സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനം സംബന്ധിച്ച് സഹകരണ രജിസ്ട്രാർ പുറപ്പെടുവിച്ച സർക്കുലറിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ? | ഇ) നിയമനം പി.എസ്.സി.ക്ക് വിട്ട സഹകരണ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനം സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ച 31/95-ാം നമ്പർ സർക്കുലറിന്റെ പകർപ്പ് അനുബന്ധം III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്